അറിയിപ്പ്

സഭയിൽ സമയക്ലിപ്തത പാലിക്കുന്നത് സംബന്ധിച്ച്

റൂൾ 50 എടുക്കുന്നതിനുമുമ്പ് ചെയറിന് ബഹുമാനപ്പെട്ട സഭാംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ചില കാര്യങ്ങളുണ്ട്.

കഴിഞ്ഞ 24-06-2016-ന് സഭയിലെ കക്ഷിനേതാക്കളുടെ ഒരു യോഗം ചേരുകയുണ്ടായി. ആ യോഗത്തിൽ സഭാനടത്തിപ്പിന്റെ അച്ചടക്കവും അന്തസ്സും സമയക്ലിപ്തതയും പരിപാലിക്കുന്നതിനെ സംബന്ധിച്ച് പൊതുവായ ചില നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. സമയബന്ധിതമായി സഭ നടത്തികൊണ്ടുപോകുവാൻ എല്ലാ വിഭാഗം കക്ഷികളുടെയും ഭാഗത്തുനിന്നുള്ള പിന്തുണ യോഗത്തിൽ അറിയിച്ചിട്ടുണ്ട്. അനന്തമായി സഭാനടപടികൾ നീണ്ടുപോകുന്നത് മാധ്യമപ്രവർത്തകർക്കും സർക്കാരിനും സാമാജികർക്കും പ്രയാസങ്ങൾ ഉണ്ടാക്കുന്ന പശ്ചാത്തലത്തിൽ, സഭയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചട്ടത്തിന് വിധേയമായി പോകണമെന്നാണ് ചെയർ ആഗ്രഹിക്കുന്നത്. നിയമസഭാ നടപടിക്രമങ്ങളുടെ സമയക്ലിപ്തത രാവിലെ 8.30-ന് ആരംഭിച്ച് 1.30-ന് അവസാനിക്കുന്ന നിലയിലാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ആവശ്യമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിന് സഭാദ്ധ്യക്ഷനെ തന്നെ

കക്ഷിനേതാക്കളുടെ യോഗം ചുമതലപ്പെടുത്തുകയാണ് ചെയ്തത്. ഇതുസംബന്ധിച്ച് കീഴ്വഴക്കങ്ങളുടെയും മുൻകാല റൂളിംഗുകളുടെയും വിശദാംശങ്ങൾ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. പത്താം കേരള നിയമസഭയിൽ 1998 മാർച്ച് 18-ാം തീയതി സഭാദ്ധ്യക്ഷൻ ചില പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ആ പ്രഖ്യാപനങ്ങൾ പ്രകാരം സമയക്ലിപ്തത നിർബന്ധമായും പരിപാലിക്കുന്നതിനുവേണ്ടിയുള്ള ചില നിർദ്ദേശങ്ങൾ പരിഗണിക്കണമെന്ന് അന്നത്തെ സഭ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി ആറ് സബ്മിഷനുകൾ മാത്രമെ ഒരു ദിവസം അനുവദിക്കൂ എന്ന നിർദ്ദേശം അന്ന് അംഗീകരിക്കപ്പെട്ടു. സീറോ അവറിൽ എല്ലാ നടപടിക്രമങ്ങളും 10.30-നുള്ളിൽ പൂർത്തീകരിക്കണമെന്ന് അന്ന് ധാരണയിൽ എത്താൻ സാധിച്ചു. സഭയിൽ നടത്തുന്ന പ്രസംഗങ്ങൾക്ക് ക്ലിപ്തമായ സമയം നിശ്ചയിക്കാനും ആ സമയം പരിപാലിക്കുമെന്ന് ഉറപ്പുവരുത്താനും എല്ലാ അംഗങ്ങളും തയ്യാറാകണമെന്നും അന്ന് തീരുമാനിക്കുകയുണ്ടായി. സമയത്തിന്റെ ഒരു മിനിട്ടുമുമ്പ് ബെല്ലടിക്കുമെന്നും ഒരു മിനിട്ട് അവസാനിക്കുന്ന മുറയ്ക്ക് സഭാംഗങ്ങൾ പ്രസംഗം അവസാനിപ്പിച്ച് സീറ്റിലിരിക്കണമെന്നും അന്ന് തീരുമാനിക്കപ്പെട്ടു. തുടർന്ന് അടുത്ത അംഗത്തെ വിളിക്കാനുള്ള അനുവാദവും സഭാദ്ധ്യക്ഷന് നൽകുകയുണ്ടായി. എന്നാൽ കാലക്രമത്തിൽ ഇതിന് ചെറിയ മാറ്റങ്ങൾ വന്നിട്ടുണ്ടെന്ന് ചെയർ മനസ്സിലാക്കുന്നു.

12-ാം നിയമസഭയിൽ ചട്ടങ്ങൾ സമഗ്രമായി ഭേദഗതി ചെയ്തു. അതിന്റെ ഭാഗമായി ചട്ടം 304 ഭേദഗതി ചെയ്തപ്പോൾ പത്തിൽ കവിയാത്ത സബ്മിഷനുകൾ വെള്ളിയാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ നൽകാനും വെള്ളിയാഴ്ചയിൽ പരമാവധി എട്ട് സബ്മിഷനുകൾ നൽകാനുമുള്ള ധാരണയാണുണ്ടാക്കിയത്. ഈ നിബന്ധനകൾ പലപ്പോഴും പാലിക്കാൻ കഴിയാത്ത സാഹചര്യത്തിലേയ്ക്ക് സഭാനടത്തിപ്പ് നീണ്ടുപോയെന്നുള്ളത് വാസ്തവമാണെങ്കിലും സഭയുടെ സമയക്ലിപ്തത എല്ലാ നിലയിലും എല്ലാ അംഗങ്ങൾക്കും ഗുണകരമാണ് എന്നുള്ളതുകൊണ്ട് സമയക്ലിപ്തതയുമായി ബന്ധപ്പെട്ടുകൊണ്ട് ചില അറിയിപ്പുകൾ ചെയർ സഭയെ അറിയിക്കുകയാണ്.

അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി സംബന്ധിച്ച എല്ലാ നടപടിക്രമങ്ങളും പത്ത് മണിക്കുമുമ്പായി പൂർത്തീകരിക്കപ്പെടേണ്ടതാണ്. ശൂന്യവേള രാവിലെ 10.30 വരെയാണെന്ന മുൻസ്പീക്കറുടെ പ്രസ്താവന നിലനിൽക്കുന്ന സാഹചര്യത്തിൽ സബ്മിഷനുകൾ അവതരിപ്പിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും അവരുടെ സംസാരം പരമാവധി ചുരുക്കി രണ്ടോ മൂന്നോ വാചകത്തിൽ ക്രമീകരിക്കേണ്ടതാണ്. നിയമനിർമ്മാണ പ്രക്രിയയിൽ പ്രത്യേകമായി സമയക്രമീകരണത്തെക്കുറിച്ച് ചട്ടത്തിൽ

പരാമർശിച്ചിട്ടില്ലാത്തതിനാൽ ബില്ലുകളിന്മേലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലുകളിന്മേലുമുള്ള ചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾ ബില്ലിന്റെ പരിധിയിൽനിന്ന് സംസാരിക്കേണ്ടതും സമയനിഷ്ഠ പാലിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഇത്തരം വിഷയങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സംസാരിക്കുന്നതിനായി സമയം അനുവദിക്കപ്പെടുന്ന സാഹചര്യത്തിൽ ചർച്ചയിൽ പങ്കെടുക്കുന്ന ഒരു മെമ്പർക്ക് അനുവദിക്കുന്ന സമയം അവസാനിക്കുന്നതിന് ഒരു മിനിട്ട് മുമ്പ് സമയം അവസാനിക്കാറായി എന്ന സൂചന ചെയർ നൽകുന്നതാണ്. നിശ്ചിത സമയം അവസാനിച്ചാൽ ഉടൻതന്നെ പ്രസ്തുത അംഗം പ്രസംഗം അവസാനിപ്പിച്ച് സീറ്റിൽ ഇരിക്കേണ്ടതാണ്. അപ്രകാരം അംഗങ്ങൾ സഹകരിക്കാത്ത സാഹചര്യമുണ്ടായാൽ ഒരു മിനിട്ട് കഴിഞ്ഞ് അടുത്ത അംഗത്തെ പ്രസംഗത്തിനായി ക്ഷണിക്കാൻ ചെയർ നിർബന്ധിതമാകും. എന്നാൽ കക്ഷിനേതാക്കളുടെയും മന്ത്രിമാരുടെയും കാര്യത്തിൽ ഒരു പൊതു സമവായമെന്ന നിലയിൽ അർഹമായ പരിഗണന നൽകാൻ ചെയർ ബാദ്ധ്യസ്ഥനാണെന്നുകൂടി അറിയിക്കുകയാണ്.